## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1582 — 18.06.2012 ൽ മറുപടിയ്ക്ക്

### ഗാഡ്ഗിൽ സമിതിയുടെ ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പശ്ചിമഘട്ട മലനിരകകളിലെ പരിസ്ഥിതിയാഘാതം പഠിക്കാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ചിരുന്ന ഗാഡ്ഗിൽ സമിതിയുടെ ശുപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഡാമുകളുടെ കാലപ്പഴക്കം, നദികളുടെയും അരുവികളുടെയും ദിശമാറ്റൽ എന്നിവ സംബന്ധിച്ച് സമിതിയുടെ അഭിപ്രായം ലഭ്യമാണോ; എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ; | (ബി) | ക്ലിയറൻസ് വ്യവസ്ഥകൾ മൂന്ന് വർഷം വരെ തുടർച്ചയായി പാലിക്കാത്ത കാലാവധി കഴിഞ്ഞ (ഡാമുകളുടെ കാര്യത്തിൽ 30-50 വർഷം) പ്രോജക്ടു ഡാമുകൾ, തെർമൽ പ്രോജക്ടുകൾ എന്നിവ ഘട്ടം ഘട്ടമായി ഡീകമ്മീഷൻ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. പവർ പ്രോജക്ടുകൾക്ക് വേണ്ടി നദികൾ/അരുവികൾ എന്നിവയുടെ ദിശാമാറ്റം അനുവദനീയമല്ല എന്നും ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | മുല്ലപ്പെരിയാർ പരിസ്ഥിതി ദുർബല പ്രദേശമാണെന്ന് സമിതി വിലയിരുത്തിയിട്ടുണ്ടോ; | (സി) | ജൈവവൈവിധ്യ കലവറയായ പശ്ചിമഘട്ടത്തെ പരിസ്ഥിതി പ്രാധാന്യമനുസരിച്ച് മൂന്ന് മേഖലകളായി [ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ (ESZ) ] തരംതിരിച്ചിട്ടുണ്ട്. ഇതിൽ ESZ 1-ലാണ് മുല്ലപ്പെരിയാർ ഉൾപ്പെടുന്നത്. |

(ഡി) മുപ്പതു മുതൽ അമ്പത് വർഷം പഴക്കമുള്ള ഡാമുകൾ ഡീ കമ്മീഷൻ ചെയ്യണമെന്ന സമിതിയുടെ ശുപാർശയോട് യോജിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ശുപാർശ നടപ്പാക്കി കിട്ടുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ ?

(ഡി) ഈ ശുപാർശയോട് സർക്കാരിനു യോജിപ്പില്ല. ഗാഡ്ഗിൽ സമിതി ശുപാർശകൾ കൂടുതൽ പഠിക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ നടപടികൾ ടി സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ